**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരെ പുറപ്പെടുവിച്ച കുറ്റപത്രം റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.851/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 24.03.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 02.08.2013-ലെ ഇ 12 (എസ് സി11/13/കെകെടി) 17872/13 നമ്പർ കത്ത്

2. സർക്കാരിന്റെ 10.10.2014-ലെ 34975/ഇപിബി3/14/തസ്വഭവ നമ്പർ കുറ്റപത്രം

**ഉത്തരവ്**

പുതുപ്പാടി, ഏങ്ങപ്പുഴ, നീലേശ്വരം വില്ലേജുകളിൽ അന്യായമായി നിലം നികത്തുന്നു എന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയും മേൽ പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വിജിലൻസ് എൻക്വയറിയിൽ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശ അംഗീകരിച്ചിരുന്നില്ല. ഈ റിപ്പോർട്ടിന്മേൽ വിജിലൻസ് നോർത്തേൺ റേഞ്ച് പോലീസ് സൂപ്രണ്ട് നൽകിയ ശുപാർശയാണ് വിജിലൻസ് ഡയറക്ടർ അംഗീകരിച്ചത്. ഡെപ്യൂട്ടി കളക്ടർ, റവന്യൂ വിജിലൻസ്, നോർത്ത് സോൺ, കോഴിക്കോട് അന്വേഷണം നടത്തി ക്രമക്കേട് നടത്തിയവരെ കണ്ടെത്തണമെന്നാണ് വിജിലൻസ് ഡയറക്ടറും, വിജിലൻസ് വകുപ്പും ശുപാർശ നൽകിയിരുന്നത്.

മേൽപ്പറഞ്ഞ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിനു മുമ്പാണ് പരാമർശം (2) പ്രകാരമുള്ള കുറ്റപത്രം നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം അജിതാറാണി, അബ്ദുറഹിമാൻ എന്നിവർക്കെതിരെ പുറപ്പെടുവിച്ച കുറ്റപത്രം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പുതുപ്പാടി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

(മറുപുറം......)

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.1063/ഇ 1/2015/വിജി. തീയതി 25.03.2015, കത്ത് നം. 10469/ഇ 1/13/വിജി. തീയതി 20.12.2013 എന്നിവ പ്രകാരം)

8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.5998/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ